വി പി എസ് മലങ്കര എച്ച് എസ് എസ് വെങ്ങാനൂർ

2021-22

ഡിജിറ്റൽ മാഗസീൻ

# തേൻമൊഴികൾ

വിദ്യാലയാനുഭവങ്ങൾ  അറിവിന്റെ ലോകത്തേയ്ക്ക്
മുന്നേറുമ്പോഴും സർഗ്ഗവാസനകൾ അവരിലെ
സൃഷ്ടിവൈഭവങ്ങൾക്ക് പ്രേരണ നൽകുന്നു. അത്തരം
കഴിവുകൾ വെളിച്ചം വിതറേണ്ടതുണ്ട്. അവയെ
പുറത്തെടുക്കാൻ ഞങ്ങൾ ലിറ്റിൽ കൈറ്റ്സുകാർ
തയ്യാറെടുക്കട്ടെ

## സ്വാഗതം

# എൻെറ വിദ്യാലയം

എന്തൊരു അത്ഭുതമാണ് എൻറെ വിദ്യാലയം
എന്ത് കൗതുകമാണ് എൻറെ വിദ്യാലയം
ആരു തന്നെനിക്ക് ഈ വിദ്യാലയം
ആരു തന്ന് എനിക്ക് വിദ്യാലയം
നിറമിഴിയാല് ഞാനീ പടിയിൽ ചവിട്ടി
നിറമിഴിയോട് അല്ലാതെ വിടവാങ്ങാൻ ആവില്ല
എന്നാണ് ഞാൻ ഈ വിദ്യാലയ മഹത്വം അറിഞ്ഞത്
എന്നാണ് എന്നാണ് ഞാൻ ഈവിദ്യാലയ മഹത്വം അറിഞ്ഞത്
എന്നാണ് ഞാൻ ഇതിൻറെ കൗതുകം അറിഞ്ഞത്
വിരൽത്തുമ്പ് കൊണ്ട് എൻറെ ചില്ലുപെട്ടി തുറന്നപ്പോഴോ
വിരൽത്തുമ്പ് കൊണ്ട് എൻറെ പ്രിയരെ തൊടാതെ ആയപ്പോഴോ
ഇനിയെൻറെ കൂട്ടുകാരെ അകറ്റാൻ നീ വരല്ലേ കൊറോണേ
ഇനിയെൻറെ വിദ്യാലയം അടയ്ക്കാൻ നീ വരല്ലേ കൊറോണേ

പവിത്ര 7 എ

# ഏകാന്തതയുടെ കോട്ട

സമയം രാത്രി 12:00 ക്ലോക്കിന്റെ മണിനാദം ആ നിശബ്ദതയെ ഒരു നിമിഷം നിർത്തി കുറ്റാക്കൂരിരുട്ടിൻറെ ലോകത്ത് ഒളിഞ്ഞിരുന്ന് മൂളുന്ന കരിവണ്ടുകളുടെ ശബ്ദം ഇടയ്ക്ക് കേൾക്കാം രാത്രിയുടെ ഗാനം എന്നപോലെ ഓരിയിടുന്ന ചെന്നായകൾ അപ്പോഴും ആ കോട്ടയിൽ വെളിച്ചമുണ്ടായിരുന്നു പുസ്തകങ്ങളുടെ കൂമ്പാരത്തിന് നടുവിൽ പുസ്തകം വായിച്ചു കൊണ്ടിരിക്കുന്ന കഥാനായകൻ വില്യം ആ കോട്ടയിലെ ഏക താമസക്കാരനാണ് അദ്ദേഹം ഏകാന്തതയുടെ നിമിഷം ആസ്വദിച്ചുകൊണ്ട് പുസ്തകം വായിച്ചുകൊണ്ടിരിക്കെ ഭയാനകമായ ഒരു ശബ്ദം അദ്ദേഹത്തെ അലട്ടി ആരോ തന്റെ മുറിയുടെ വാതിൽ തട്ടുന്നു ആദ്യം അയാൾ ഒന്നു പേടിച്ചെങ്കിലും തൻറെ ധൈര്യം വീണ്ടെടുത്ത് അയാൾ വാതിലിനടുത്തേക്ക് നീങ്ങി അയാൾ പതുക്കെ വാതിൽ തുറന്നു ആരുമില്ല തനിക്ക് വെറുതെ തോന്നിയതാകാം എന്ന് വിചാരിച്ച് അദ്ദേഹം തിരിച്ച് പുസ്തക വായനയിൽ മുഴുകി.

അക്ഷയ് 8F

പിറ്റേദിവസം രാവിലെ എഴുന്നേറ്റ് നോക്കുമ്പോഴാണ് വാതിലിനു സമീപത്തായി രക്തക്കറ അദ്ദേഹം കണ്ടത് അദ്ദേഹം സ്ഥലം അരിച്ചു പെറുക്കി കോട്ടയുടെ സമീപത്ത് നിന്നും ഒരു മുടിയും ചെന്നായയുടെ കാൽപാദത്തിന്റെ പാടും കണ്ടെത്തി ഈ കോട്ട ഉൾപ്പെടുന്ന നൂറ് സ്ഥലത്ത് അയാൾ മാത്രമാണ് താമസിക്കുന്നത് പിന്നെ എങ്ങനെ ഒരു മനുഷ്യൻറെ മുടി ഇവിടെ വന്നു എന്ന് അദ്ദേഹം പരിഭ്രാന്തനായി അങ്ങനെ ഏകനായി നിൽക്കവേ ഒരാളുടെ ശബ്ദം അദ്ദേഹം ശ്രദ്ധിച്ചു എന്നെ രക്ഷിക്കണേ അദ്ദേഹം ഉൾക്കാട്ടിലേക്ക് അവിടെ ഒരു ജീപ്പിൻറെ ടയർ അടയാളം അയാൾ കണ്ടു അത് പിന്തുടർന്നു പോയപ്പോൾ തകർന്ന ജീപ്പും കാലിൽ വലിയ മുറിവും തലയിൽ ആഴത്തിൽ മുറിവും ഉള്ള ഒരു മധ്യവയസ്കനെ കണ്ടു. അദ്ദേഹമാണ് നിലവിളിക്കുന്നത് ഉടൻതന്നെ കഥാനായകൻ മധ്യവയസ്കനെ കോട്ടയിൽ കൊണ്ടുപോയി അദ്ദേഹത്തെ പരിചരിച്ചു

എന്നാലും തലയിലേറ്റ ആഴത്തിലുള്ള മുറിവുകാരൻ മുറിവ് കാരണം അദ്ദേഹം രണ്ടുദിവസത്തിന് അകത്തുതന്നെ മരണപ്പെട്ടു തുടർന്ന് കഥാനായകൻ വില്യം ആ ജീപ്പ് പരിശോധിക്കാൻ പോയി. അവിടെനിന്ന് ചെന്നായയുടെയും മനുഷ്യന്റെയും കാൽപ്പാടുകൾ കണ്ടെത്തി കോട്ടയ്ക്ക് സമീപമുള്ള വനത്തിൽ ഭീകരരൂപികളായ ചെന്നായകളും ഉള്ളതായി പറയപ്പെട്ടിരുന്നു പലതവണ അദ്ദേഹവും കണ്ടിട്ടുള്ളതാണ് അങ്ങനെ തന്നെ അദ്ദേഹവും വിശ്വസിച്ചു പക്ഷേ രാത്രിയുടെ അന്ധകാരത്തിൽ ഒളിഞ്ഞു കിടക്കുന്ന സത്യം ആർക്കും അറിയില്ല അത് ഒരു ചോദ്യമായി ഇന്നും നിലനിൽക്കുന്നു രാത്രിയുടെ നിശബ്ദതകളിൽ ഒളിഞ്ഞിരിക്കുന്ന ഭീകരസത്വങ്ങൾ അദ്ദേഹത്തെ കൊന്നു തിന്നുമോ എന്ന് അദ്ദേഹത്തിന് അറിയില്ല രാത്രിയുടെ അന്ധകാരത്തിലെ പരിപൂർണ്ണ നിശബ്ദതയിൽ ഏകനായി പതിവുപോലെ വലിയ പുസ്തകം വായിക്കുന്നു

അഭിമന്യു ഡി ബി 6B

# നിർമ്മിതബുദ്ധിവികസനവും ആധുനികസമൂഹവും

ഇന്ന് ലോകത്ത് അനവധിയായ വികസനങ്ങളും കണ്ടുപിടിത്തങ്ങളും നല്ല രീതിയിൽ തന്നെ നടക്കുന്നു. ഈ വികസനങ്ങൾ എല്ലാം മനുഷ്യന്റെ ഉന്നതിക്കും ഉയർച്ചയ്ക്കും വേണ്ടിയാണ് നാം വിനിയോഗിക്കുന്നത്. ഇത്തരം വികസനങ്ങളിൽ ഇപ്പോൾ കൂടുതലായി കാണപ്പെടുന്നത് നിർമ്മിത ബുദ്ധിയാണ്. നിരവധി ഉപകരണങ്ങൾ ഇന്ന് നിർമ്മിത ബുദ്ധിയിലൂടെ കണ്ടുപിടിച്ചിട്ടുണ്ട്. ഇത് മനുഷ്യന്റെ ഉന്നതിക്ക് വേണ്ടിയാണ്. ആധുനിക സമൂഹത്തിൽ നിർമ്മിത ബുദ്ധി വളരെ പ്രചാരണത്തിലാണുള്ളത്. നിർമ്മിത ബുദ്ധിയുടെ വികസനത്തിലൂടെ മനുഷ്യരുടെ ജോലിഭാരം പൂർണമായും അല്ലെങ്കിൽ ഭാഗികമായും ഒഴിയുന്നു. എന്ത് ജോലിക്കും ഇപ്പോൾ നിർമ്മിത ബുദ്ധിയുടെ ഒരംശം ചേർത്താണ് ചെയ്യുന്നത്. ഇതിലൂടെ മനുഷ്യർ മടിയന്മാരായി തീരുന്നു. ഇങ്ങനെ നിർമ്മിത ബുദ്ധിയുടെ വികസനത്തിലൂടെ ഏത് ജോലിയും എളുപ്പത്തിൽ ചെയ്യാൻ സാധിക്കുന്നു. ഉദാഹരണത്തിന് റോഡിൽ നടക്കുന്ന നിയമലംഘനങ്ങൾ തടയുന്നത് വരെ നിർമ്മിത ബുദ്ധിയുടെ സഹായത്താൽ ആണ് . ഇതിലൂടെ പോലീസുകാരുടെ ജോലിയിൽ ഒരു ഭാഗം എങ്കിലും നിർമ്മിത ബുദ്ധിയുടെ സഹായത്താൽ കുറഞ്ഞിരിക്കുന്നു. നിർമ്മിത ബുദ്ധിയിലൂടെ കാര്യങ്ങൾ പെട്ടെന്ന് തന്നെ ചെയ്തുതീർക്കാൻ സാധിക്കുന്നു. ഉത്തരം ഉപകരണങ്ങൾ മാത്രം ഉപയോഗിച്ച് മനുഷ്യർ മടിയന്മാരും ശാരീരികവും മാനസികവുമായി ഒരുതരത്തിലുള്ള പുരോഗതിയും ഇല്ലാത്തവരായി തീർന്നിരിക്കുന്നു. ശരീരത്തിന് വ്യായാമം നൽകുന്ന ജോലി പോലും ഇപ്പോൾ ഉപകരണങ്ങളാണ് ചെയ്യുന്നത്. നിർമ്മിത ബുദ്ധി വികസിച്ചതോടെയാണ് ഈ മാറ്റങ്ങൾ മനുഷ്യർക്ക് ഉണ്ടായത്. പണ്ടൊക്കെ തുണികൾ കല്ലിൽ വച്ചാണ് കഴുകുന്നത് ഇപ്പോൾ അതിനായി വാഷിംഗ് മെഷീനാണ് ഉപയോഗിക്കുന്നത്.  നമ്മുടെ ആവശ്യങ്ങൾക്ക് മാത്രം അത് ഉപയോഗിക്കുക. അമിതമായി ദുരുപയോഗം ചെയ്യാതിരിക്കുക.

വൈഷ്ണവി 10 എ

# ആദ്യാക്ഷരത്തിന്റെ അമൃതം

ആദ്യാക്ഷരത്തിന്റെ അമൃതം

വിളമ്പുന്ന ആദ്യ വിദ്യാലയ നടയിലായി ഞങ്ങൾ ആയിരം കൂട്ടത്തിൽ അമ്മയോടൊപ്പമായ്

ആ വെളിച്ചത്തിൻ പടി ചവിട്ടി  അമൃതമാം സ്നേഹത്തെ വിദ്യ കൊണ്ടാക്കിയ ഗുരുവന്ന

ദൈവത്തെ ഞാനറിഞ്ഞു

ചൊല്ലി തരുന്നൊരു പാഠങ്ങളൊക്കെയും ഉള്ളിൽ ഞാൻ ഭംഗിയായി ചേർത്തുവച്ചു

സൗഹൃദം എന്നുള്ള മൂന്നക്ഷരത്തിന്റെ

പൊരുളാണെൻ കൂട്ടുകാരന്ന് ഞാനറിഞ്ഞു ഒരു തണലായി വൃക്ഷമായി ഇരുളിലും വെയിലിലും

ചേർക്കുന്നെന്റെ വിദ്യാലയം

ആദിത്യാ ബിജു 8 F

# മനുഷ്യൻ വേറിട്ട വഴികൾ

അതിമനോഹരമായ ഗ്രാമം ആയിരുന്ന എന്റേത് മലകളും പുഴകളും വയലേലകളും പശുക്കിടാങ്ങളും കിളികളുടെ കലപില ശബ്ദവും ഉയിലിന്റെ ആദിമനോഹരമായ കോപ്പുകളിൽ കുട്ടികളുടെ കളിചിരികളും നിറഞ്ഞതായിരുന്ന എൻറെ ഗ്രാമം പതിയെ പതിയെ അത് മാറാൻ തുടങ്ങി കൂറ്റൻ കെട്ടിടങ്ങളും വൻ ഫാക്ടറികളുംഅവിടവിടെയായി ഉയർന്നുപൊങ്ങി ആ മാരകമായ രോഗം മനുഷ്യനിൽ നിന്ന് മനുഷ്യനിലേക്ക് പടർന്നു തുടങ്ങി ലക്ഷക്കണക്കിന് മനുഷ്യർ മരിച്ചു വീഴുവാൻ തുടങ്ങി. അങ്ങനെ ആയിരുന്നല്ലോ മനുഷ്യരുടെ ഓരോരുത്തരുടെയും മാറ്റം അതിൽ നിന്ന് മുക്തരാകുവാൻ ശ്രമങ്ങൾ നടത്തുവാൻ തുടങ്ങി. ആ പഴയ ശീലങ്ങൾ തുടങ്ങി പുറത്തുപോയി കൂട്ടുകാരെ കാണുമ്പോൾ കൈ കൊടുപ്പ് മതിയാക്കി കൈകൂപ്പി നമസ്കാരം പറയുവാൻ തുടങ്ങി ഉമ്മറപ്പടിയിൽ ഒരു കിണ്ടിയും ശുദ്ധമായ വെള്ളം വയ്ക്കുവാൻ തുടങ്ങി മനുഷ്യർ പാടങ്ങളിലും പറമ്പിലും ഇറങ്ങിത്തുടങ്ങി വീടുകളിൽ കൊച്ചുകൊച്ചു കൃഷികൾ ചെയ്യുവാൻ തുടങ്ങി. പശുക്കിടാങ്ങളെ വളർത്തുവാൻ തുടങ്ങി പഴയ ഗ്രാമത്തിലേക്ക് മടങ്ങിപ്പോകാൻ മനുഷ്യൻ ഓരോരുത്തരും തീരുമാനിച്ചു കഥയിൽ ഇതുപോലെ മാറ്റങ്ങൾ സംഭവിക്കാം മനുഷ്യരും ഇതുപോലെ മാറുമെന്ന് പ്രതീക്ഷിക്കുന്നു

ആദ്യത്യാ ബിജു 8F

# ഓണം

ഇനിയും എത്ര നാൾ ഞാൻ കാത്തിരിക്കും ആ പൊന്നോണ പുലരിക്ക് വേണ്ടി ഇനിയും ഏറെനാൾ കഴിയണം ഐശ്വര്യത്തിനോണം വരാൻ മാവേലി നാട്ടു വാണീടും നാട് തിരുവോണമേ നീ ബഹു കേമം തന്നെ നീ വരും നാളിനായി ഞാൻ കാത്തിരിക്കുന്നു കേരള മഹിളകൾ മുറ്റത്ത് ഓണം വർണ്ണ പൂർണമാകുന്നു ചിരി തൂകും ഓണം വീണ്ടുമെത്തി കാത്തിരിപ്പിനൊടുവിൽ ഈശ്വരാ നീ അനുഗ്രഹിക്കേണമേ വീണ്ടും ആ കാത്തിരിപ്പിനായി  കാത്തിരിക്കും വീണ്ടും ഓണം വന്നു  ആ ഓണം വന്നല്ലോ

ശ്രേയ s s XA

# ഒറ്റപ്പെടുന്ന നിമിഷങ്ങൾ

ഓരോ ദിവസത്തിനും അതിന്റേതായ പ്രാധാന്യമുണ്ട് പക്ഷേ ചില ദിവസങ്ങൾ നമ്മെ വിഷമിപ്പിക്കുകയും എല്ലാവരിൽ നിന്നും അകന്നു നിൽക്കുവാനുള്ള പ്രേരണയും നൽകുന്നു. ഇതേ അനുഭവമുള്ള ഒരു കുട്ടിയാണ് നമ്മുടെ കഥാനായകൻ വർഷങ്ങൾക്കു മുമ്പ് ഒരു ഗ്രാമത്തിൽ വിഷ്ണു എന്ന് പേരുള്ള ഒരു കുട്ടിയും അവൻറെ കർഷകരായ മാതാപിതാക്കളും രണ്ട് അനുജന്മാരും ഉണ്ടായിരുന്നു അവർ ആ കൊച്ചു വീട്ടിൽ വളരെ സന്തോഷത്തോടെയാണ് കഴിഞ്ഞിരുന്നത് കൃഷി ചെയ്യുന്നത് വിഷ്ണുവിന് വളരെ ഇഷ്ടമായിരുന്നു അച്ഛൻറെ കൃഷിയിടങ്ങളിൽ ചെന്ന് അവൻ സഹായിക്കുമായിരുന്നു അനുജന്മാരും കൂടും ഒരു ദിവസം പുലർച്ചെ വിഷ്ണു ഉറക്കത്തിൽ നിന്ന് എഴുന്നേറ്റ് അമ്മയെ വിളിച്ചു അമ്മയെ കാണുന്നില്ല അച്ഛനെ വിളിച്ചു കാണുന്നില്ല അവിടെ എല്ലാം നോക്കി പക്ഷേ കാണുന്നില്ല പെട്ടെന്നാണ് ഒരു പേപ്പർ അവൻ കണ്ടത് അതിന്റെ നിറം വ്യത്യസ്തമായിരുന്നു ഈ പേപ്പർ ആരാ ഇവിടെ കൊണ്ടു വച്ചിരിക്കുന്നത് അവന് തുറന്നുനോക്കി അതിൽ എന്തോ എഴുതിയിട്ടുണ്ടായിരുന്നു വായിച്ചു

അവൻ വിഷ്ണു അച്ഛനും അമ്മയും കൃഷി ചെയ്യാനുള്ള സാധനങ്ങൾ വാങ്ങാൻ കാശിനുവേണ്ടി പോവുകയാണ് ഈ കത്ത് ഇരിക്കുന്നതിന് അടുത്ത് ഒരു പേഴ്സ് ഉണ്ട് അതിൽ ആവശ്യത്തിനുള്ള പൈസയും ഉണ്ട് വീട്ടിലേക്കുള്ള സാധനങ്ങൾ വാങ്ങാൻ പണം എടുത്താൽ മതി ഇങ്ങനെയൊക്കെ പറഞ്ഞിട്ട് അമ്മ അവനോട് അനുജന്മാരെ നോക്കാനും പറയുന്നു അവൻ കത്തിൽ പറഞ്ഞതുപോലെ ചെയ്തു സാധനങ്ങൾ വാങ്ങി അനിയന്മാരെ നന്നായി ശ്രദ്ധിച്ചു കൃഷിയിടത്തിൽ വെള്ളം നനച്ചു ജോലിയൊക്കെ ചെയ്തു സന്ധ്യയായപ്പോൾ അവൻ മുറ്റത്ത് തന്റെ അച്ഛനെയും അമ്മയും കാത്തിരുന്നു രാത്രിയായിട്ടും കണ്ടില്ല അവൻ വിഷമിച്ചു അനുജന്മാർ ഉറങ്ങിയതിനു ശേഷം ക്ഷീണിതനായി വന്നവൻ മയങ്ങിപ്പോയി രാവിലെ അവൻ എഴുന്നേൽക്കാൻ താമസിച്ചു കതകുതുറന്നു നോക്കിയപ്പോൾ അവൻ ഞെട്ടിക്കുന്ന കാഴ്ച കണ്ടു അച്ഛനെയും അമ്മയും വെള്ളത്തുണിയിൽ പൊതിഞ്ഞ് കിടത്തിയിരിക്കുന്നു

ആൾക്കാർ സഹതാപത്തോടെ നോക്കി നിൽക്കുന്നു അവന് ഒന്നും മനസ്സിലായില്ല പിന്നെ എല്ലാവരും അവന്റെ അടുത്ത് നടന്ന കാര്യം വ്യക്തമാക്കി അവന്റെ അച്ഛനും അമ്മയും വാഹന അപകടത്തിൽ മരിച്ചുവെന്ന് അവൻ മനസ്സിലാക്കി അവൻ കരഞ്ഞു കരച്ചിൽ കേട്ട് അനുജന്മാരെഴുന്നേറ്റു വന്നു കുഞ്ഞു കുട്ടികളായത് കൊണ്ട് തന്നെ  അവർക്ക് ഒന്നും മനസ്സിലായില്ല കെട്ടിപ്പിടിച്ച് ഉറക്കെ കരഞ്ഞു ഇന്നലെവരെ അച്ഛനും അമ്മയെ ഒത്തു കഴിഞ്ഞിരുന്ന അവർക്ക് ഇപ്പോൾ അവരുടെ ഫോട്ടോയാണുള്ളത് സന്തോഷം ഇപ്പോഴും നിലനിൽക്കില്ല സന്തോഷവും ദുഃഖവും ഉണ്ടെങ്കിൽ മാത്രമേ ജീവിതം പൂർത്തിയാവുകയുള്ളൂ

സൂര്യ അഭിലാഷ് 8 A

# അമ്മ വിളിക്കുന്നു

ഒരു സന്ധ്യാ നേരം ആ അമ്മ എപ്പോഴും തനിയാണ്  ഇരുട്ട് അവരെ മൂടിക്കൊണ്ടിരിക്കുന്നു പക്ഷികൾ കൂടണയുന്നു അമ്മ ഒറ്റക്കാണ് താമസം തന്നെ ഏറെ സ്നേഹിക്കുന്ന ഭർത്താവ് മരണപ്പെട്ടിരിക്കുന്നു എല്ലാവരും മടങ്ങിപ്പോയി മക്കളും ചെറുമക്കളും എല്ലാം തന്റെ മാനസികാവസ്ഥ തിരിച്ചറിയാതെ ഈ ഭൂമിയുടെ നാല് ദിക്കുകളിലേക്കും പറന്നു കഴിഞ്ഞു പരിചയക്കാരോടും മക്കൾ വിദേശത്താണെന്ന് പറയുമ്പോഴും അമ്മയുടെ മനസ്സ് വിങ്ങുകയാണ് തൻറെ ഭർത്താവിൻറെ വേർപാട് അവരെ തളർത്തി എൻറെ ഇളയ മോൾ റോസ് എന്നെ എന്നും വിളിക്കും എന്ന് അവർ പറയും അവൾക്ക് രണ്ടു മക്കളുണ്ട് അമേരിക്കയിലാണ് അവൾ അപ്പോൾ സമയം ഏഴ് ആയി പള്ളി മണി മുഴങ്ങി ഭൂമിയെ കുലുക്കുന്ന ശബ്ദത്തോടെ ആ മഴ വർഷിച്ചു പറമ്പിൽ പച്ചത്തവളകൾ ഉറക്കെ കരയുന്നു അമ്മയ്ക്ക് പെട്ടെന്ന് അസുഖം പിടിപെട്ടു അങ്ങനെ ആ മഴയുടെ അവസാനമായി കിടപ്പിലായി വിറയലും പനിയും അപ്പോൾ അമ്മ ഓർത്തു തന്റെ മക്കൾ മഴയത്ത് കളിച്ചതും പനിബാധിച്ചപ്പോൾ കട്ടൻ കാപ്പി ഇട്ടു കൊടുത്തതും ഒക്കെ പനി കുറഞ്ഞു അമ്മ തന്റെ മക്കൾക്ക് കത്തെഴുതുകയാണ് അങ്ങനെ ഓണം വന്നു സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും ഓണപ്പുലർച്ച  മക്കൾ എല്ലാം രാവിലെ അമ്മയുടെ അടുത്ത് എത്തി പക്ഷേ അപ്പോൾ അമ്മ അച്ഛനൊപ്പം സ്വർഗ്ഗരാജ്യത്ത് എത്തിക്കഴിഞ്ഞു അമ്മയുടെ മേശയിൽ പാതി എഴുതിയ മക്കൾക്ക് വേണ്ടിയുള്ള കത്ത് അതിൽ എഴുതിയിരിക്കുന്നത് മക്കളെ ഏകാന്തത എന്നെ തളർത്തുന്നു എന്നായിരുന്നു

ശ്രേയ 10 A

# എൻെറ സ്വപ്നം

സ്വപ്ന സാഗരമാം നിദ്രയിൽ

ഞാൻ മുഴുകിടവേ

കണ്ടു ഞാൻ മഞ്ഞു കണങ്ങളാൽ

മൂടിയ സ്വർഗ്ഗത്തിൻ വാതിൽ

സ്വർഗ്ഗമെന്തെന്നെൻ നിനവുകളിൽ

വന്നിടവേ ഞാനോർത്തു നിന്നി

വാതിൽ തുറക്കുവാൻ ആയി എന്തേ

എൻ മുന്നിൽ തുറന്നു തന്നില

സ്വർഗത്തിൻ സുന്ദരമാം കവാടത്തെ!

ഞാനോർത്തു ആ നിമിഷ നേരം

സ്വർഗ്ഗത്തിൻ വാതിലിൻ അർഹരല്ലാത്തവൾ

ഞാൻ,  നരകത്തിലേക്കോ ഞാൻ നടന്നടുക്കേണം ?

നരകത്തിൻ ചൂടെൻ മേനിയിൽ പരക്കവേ

ഞെട്ടി ഉണർന്നെൻ നിദ്രയിൽ നിന്നു ഞാൻ

സ്വപ്നം എന്നോർക്കവേ തെല്ലു ശ്വാസമടക്കി ഞാൻ

കണ്ണുകൾ തേടി ഭ്രമിതൻ സ്വർഗ്ഗത്തെ!

ധനുഷ് 8 ബി

# എൻെറ ഓർമ്മകൾ

ആദ്യമായെൻ അമ്മ തൻ കരം പിടിച്ച്
പിച്ചവച്ചു വന്നതീ വിദ്യാലയത്തിൽ
സുന്ദരമാം വിദ്യാലയത്തിൽ മുന്നിൽ
വന്നൊരാ ഓർമ്മയിൽ തെളിയുന്നിതാ
മാമ്പൂ പൂക്കുന്ന മാവും ഓട് മേഞ്ഞൊരാ വിദ്യാലയവും .
നിറപുഞ്ചിരിയുമായെൻ മുന്നിൽ
അണഞ്ഞയെൻ അധ്യാപികയെ
ഞാനിന്നും ഓർക്കുന്നു
നിറഞ്ഞയെൻ കണ്ണുനീർ തുടച്ചെന്നെ
നെഞ്ചോട് ചേർത്തണച്ചെൻ
സ്നേഹനിധിയാം അധ്യാപികയെ
അക്ഷരമാം മണിമുത്തുകൾ എൻ
ഹൃത്തിൽ നിറച്ചുതന്നയെൻ
മനം കവർന്നയെൻ മായാമയൂരത്തെ
എൻ അവസാന ശ്വാസം
നിലയ്ക്കും വരെയും ഓർക്കുമെൻ
ആദ്യ വിദ്യാലയത്തെയും എൻ
ആത്മാവായ് തീർന്നയെൻ
അധ്യാപികയെയും

വൈശാഖ് 7 ബി

# പൂമ്പാറ്റ

വർണ്ണചിറകുള്ള പൂമ്പാറ്റേ
നിന്നെ കാണാൻ എന്തൊരു ചന്തം
പുള്ളിയുടുപ്പിട്ട സുന്ദരി
തേൻ കുടിക്കാൻ വന്നോളൂ
കാടും മേടും താണ്ടി നീ
എന്നുടെ കൂടെ പോന്നോളൂ
ചന്തമുള്ളൊരു പൂമ്പാറ്റേ
സുന്ദരി ചിറകുമായി പറന്നോളൂ
തേൻ നുണയാൻ പോകുമ്പോൾ
കൂട്ടുകാരെ കൂടി കൂട്ടിക്കോളൂ.

അർപ്പിത 7 ബി

# ജീവിതം

വീടിൻെറ ഉമ്മറത്ത് വിശന്നു വലഞ്ഞ് കരഞ്ഞു തളർന്നുറങ്ങിയ മകനെയും മാറോടണച്ച് അവളിരുന്നു. നേരം ത്രിസന്ധ്യയോട് അടുത്തിരിക്കുന്നു. ഭൂമി ഇരുളിന് വഴിമാറി തുടങ്ങി. കുറച്ചുകൂടി കഴിഞ്ഞാൽ ഈ ഇരുൾ അവനിയെ വിഴുങ്ങും. എങ്കിലും കറുകറുത്ത രാക്ഷസന്റെ ഭയാത്മകമായ ബലിഷ്ഠ കരങ്ങളിലേക്ക് പൂർണ്ണമായും ഭൂമിയെ വീഴാൻ അനുവദിക്കാതെ നിലാവുദിച്ചു. അവളും പ്രതീക്ഷിക്കുകയാണ് നിത്യമായ ഇരുട്ടിലേക്ക് വഴുതി വീഴാതെ തൻ്റെ ജീവിതത്തിലും നിലാവുദിക്കുന്നത് . ഒരു പ്രഭാതമോ അതിലെ വർണ്ണങ്ങളോ അവളുടെ നിനവുകളിൽ പോലും അപ്പോഴും ഇല്ല . ആ നിശബ്ദതയിൽ അവളുടെ മനസ്സിനെ ഓർമ്മകൾ പിന്നോട്ടു വലിച്ചിഴക്കുന്നുണ്ടായിരുന്നു. തൻെറ കുട്ടിക്കാലത്തിലേക്ക് സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും വർണ്ണങ്ങൾ ചാലിച്ച നൂറു നിറമുള്ള വർണ്ണപ്പട്ടം കണക്കെ പാറി നടന്ന കാലം. ഭഗത് സിംഗിന്റെയും ഝാൻസി റാണിയുടെയും വീരകഥകൾ കാണാതെ പഠിച്ചു പറഞ്ഞ ക്ലാസ്സിൽ കയ്യടി നേടിയ ഒരു പുള്ളിയുടുപ്പുകാരിയുടെ കാലം.

തൊടിയിലെ മാവിലെ മാങ്ങയ്ക്ക് ഉന്നം പിടിച്ചും ഊഞ്ഞാലാടിയും കൂട്ടുകാർക്കൊപ്പം ജീവിതം ആഘോഷമാക്കി തീർത്ത സുന്ദരമായ ദിനങ്ങൾ . അന്ന് തൻെറ രാധാമണി ടീച്ചർ പറയുമായിരുന്നു മിടുക്കി നാളെ നീ ഉയരങ്ങളിൽ എത്തട്ടെ എന്ന് . ടീച്ചറിന്റെ മുഖം ഇന്നും മനസ്സിൽ ഒളിമങ്ങാതെ കിടക്കുകയാണ്. അന്ന് ആ വാക്കുകൾ കേട്ട് സന്തോഷം തോന്നിയവൾക്ക് ഇരുപതു വർഷത്തിനിപ്പുറം മാറ്റങ്ങൾ ഏറെ വന്നിരിക്കുന്നു. അവൾക്കിന്ന് ഉയരങ്ങൾ കീഴടക്കി ജീവിതവിജയം നേടണമെന്നില്ല. ഒരു രാജകൊട്ടാരത്തിലും രാജ്ഞിയായി വാഴണ്ട, മന്ത്രിയോ തന്ത്രിയോ ഒന്നുമാകേണ്ട . താനായാൽ മതി. ഇന്നവളെ സംബന്ധിച്ചിടത്തോളം മടിയിൽ ഉറങ്ങുന്ന ഉണ്ണിയുടെ കുഞ്ഞു വയർ നിറയ്ക്കലാണ് ഏറ്റവും ആനന്ദം നൽകുന്നത്. പുള്ളിയുടുത്തിട്ട് നടന്ന

ആ പാവാടക്കാരി ഇന്ന് ഒരു അമ്മയായിരിക്കുന്നു കയ്യടി നേടാനോ തക്കവണ്ണം പഠിക്കാനോ കഴിയാതെ അവൾ ഉഴറുന്നു. ഇന്നവൾ തിരിച്ചറിയുന്നു ആരും ചൊല്ലിയും തല്ലിയും പഠിപ്പിച്ചതൊന്നുമായിരുന്നില്ല ജീവിതം .

മധുരത്തിൽ നിന്നും കൈപ്പിലേക്ക്, ചിലപ്പോൾ ഉയർച്ചയുടെ കൊടുമുടിയിൽ നിന്ന് അപ്രതീക്ഷിതമായ അഗാധ ഗർത്തങ്ങളിലേക്ക് ....... ചിരിയും കണ്ണുനീരും കലർന്ന്, വീണും എഴുന്നേറ്റും , വേദനിച്ചും ലഭിച്ചും നഷ്ടപ്പെട്ടും കൃത്യമായി എന്തെന്ന് നിർവചിക്കാൻ മനുഷ്യനെ കൊണ്ട് ഒരിക്കലും കഴിയാത്ത ഉത്തരമാണ് ജീവിതം . ഒരിക്കൽ നാളെയെ കുറിച്ച് മനോഹരമായ സ്വപ്നങ്ങൾ കണ്ടവർക്ക് മുന്നിൽ നിശബ്ദനായ കൊലയാളിയായി അവനെത്തിയേക്കാം. മരണത്തിലേക്ക് ഉള്ള ചുവടാണ് ഓരോ ദിവസവും ഓരോ മണിക്കൂറും ഓരോ മിനിറ്റും ഓരോ സെക്കൻഡും . പിന്നെ എന്താണ് ജീവിതം ? കഴിഞ്ഞുപോയ ഇന്നലെയോ വരാനിരിക്കുന്ന നാളെയോ അല്ല . ഇന്ന് ഇപ്പോൾ ഈ നിമിഷം അത് മാത്രമാണ് ...... നിൻെറ ആ തിരിച്ചറിവാണ് ജീവിതം .

# എൻ്റെ ഓർമ്മയിൽ

ഞാൻ പഠിച്ച എന്റെ വിദ്യാലയം എന്നും എൻ്റെ ഓർമ്മയിൽ തിളങ്ങിനിൽക്കുകയാണ്. അതിവിശാലമായ ഒരു മുറ്റം അതിൻെറ നടുവിൽ അതിമനോഹരമായ ഒരു പേരമരം. ആ പേര് മരത്തിൽ നിറയെ തത്തകളും , കിളികളും എന്നും അതിഥികളായി വന്നു പോകുമായിരുന്നു. വാത്സല്യവും സ്നേഹവും തരുന്ന കുറേ അധ്യാപകരും. എൻെറ വിദ്യാലയം എന്നും അണയാത്ത ദീപമായി ഉള്ളിൽ ജ്വലിച്ചുകൊണ്ടിരിക്കും. എൻെറ ഗ്രാമത്തിൽ എന്നും അതിമനോഹരമായി കാണുന്നതാണ് എൻറെ വിദ്യാലയം. അവിടെ ആദ്യമായി നോട്ട് ബുക്കിൽ എഴുതിയതും , ഒരുപാട് പടങ്ങളും കളറുകളും ഉള്ള പുസ്തകങ്ങളും , ആദ്യമായി പേന കൊണ്ട് എഴുതിയതും എല്ലാം ഇന്നും ഒളി മങ്ങാതെ മനസ്സിൽ തെളിഞ്ഞു നിൽക്കുകയാണ്. പിന്നെ അവിടെ നിന്ന് പുതിയ പുതിയ സുഹൃത്തുക്കളും എല്ലാമായ ഒരു പുതിയ ലോകം തന്നെ സൃഷ്ടിച്ചു. അവിടെനിന്ന് ഓരോ ക്ലാസിലേക്കുള്ള മാറ്റവും . അവസാനം പത്താം ക്ലാസ് ഓടുക്രുടി ആദ്യ വിദ്യാലയത്തിൽ നിന്നുള്ള പടിയിറക്കവും എല്ലാം മനസ്സിൽ ഇന്നും ഒളിമങ്ങാതെ നിൽക്കുകയാണ്.

# മഴ

ഒരു കുടക്കീഴിൽ നെയ്തോരാ
സ്വപ്നങ്ങൾ ഒടുവിൽ ഒരോർമ്മയായ്
മാഞ്ഞനേരം ഇനിയും എഴുതി
തീരാത്ത വരികളിൽ നീയെന്ന സ്വപ്നം
ഒളിച്ചു വച്ചു ....... മൗനമാം
വേർപാടിനുത്തരമായി ഞാൻ
വിറയാർന്ന പ്രാണനിൽ ചേർത്തുവച്ചു
നിന്നെ ചേർത്തുവച്ചു.
പുരയില്ലാ  പൂവില്ലാ
ഇരച്ചൂട്ടുവാൻ തീയില്ല
കരം മുത്താൻ കൈയില്ല
ഉണ്ടല്ലോ നെഞ്ചിലെല്ലാം
തുലാവർഷ മഴയിലെ
ഇരുൾ മാഞ്ഞജീവിതം

ജിജിൻ 9E

# മഞ്ഞിൻ കൂട്ടിൽ ഒരു ഇളം വെളിച്ചം

ഇരുട്ടിൻെറ മറവിൽ നിന്ന് എത്തിനോക്കുന്ന സൂര്യൻ മരതകം മിന്നും ആകാശം തെളിയുന്ന നേരം നീലി നേരത്തെ തന്നെ എഴുന്നേറ്റ് വീട്ടിലെ എല്ലാ ജോലിയും ചെയ്യാൻ തുടങ്ങി എൻറെ അമ്മ എൻറെ കൂടെ ഉണ്ടായിരുന്നെങ്കിൽ അമ്മയില്ലാത്ത വീട്ടിൽ തികച്ചും നീലി ഒറ്റപ്പെട്ടു കാണണം അടുപ്പിന്റെയും പുകയുടെയും ഇടയിൽനീലിയുടെ ചെറുപ്പ മാറുന്നു എന്നിട്ട് ഏകാന്തതയിൽ നിന്നും പുറത്തു വരാൻ കഴിയാതെ അവളുടെ മനസ്സ് വിങ്ങുന്നുണ്ടാകും രാത്രിയായി മിന്നും താരകങ്ങളും വന്നു പക്ഷികൾ തൻറെ കൂടുകളിൽ ചേർന്ന് തികച്ചും അമ്മയുടെ ഓർമ്മകൾ നീലയുടെ സ്വപ്നത്തിലെന്നും വരും നീലി അമ്മയുടെ ഓർമ്മയിൽ ജീവിക്കാൻ ഏറെ ആഗ്രഹിക്കുന്നു വർഷങ്ങൾ കടന്നുപോയി മാറുകയും ചെയ്തു എന്നിട്ടും അമ്മയുടെ ഓർമ്മയിലെ ജീവിതവും അവളുടെ ജീവിത സാഹചര്യവും മാറിയില്ല കാഴ്ചയിൽ മാത്രമുള്ള നീലിയുടെ മാറ്റം പ്രകൃതി മാറി ചുറ്റിലുമുള്ള ആളുകൾ മാറി നീലിയുടെ അതേ പ്രായമുള്ള ഒരു പെൺകുട്ടി അവളുടെ വീടിനു പുറകിലെ താമസത്തിനു വന്നു. ആദ്യം നേരിൽ കണ്ട ഇരുവരും ഒന്നും മിണ്ടിയില്ല പതിയെ നീലിയെ നോക്കി ഇളം പുഞ്ചിരിയോടെ പോയി വൈകാതെ അവരുടെ കൂട്ടും വളർന്നു ഒപ്പം പ്രായവും ഏകാന്തതയുടെ മറവിൽ എവിടെയോ കാൽ വഴുതി വീണ നീലിയെ കൈപിടിച്ച് എഴുന്നേൽപ്പിച്ചു അമ്മയുടെ ഓർമ്മകൾ ഓർത്തു കരയുന്ന  നീലിയെ നീ കരഞ്ഞാൽ അമ്മ ചിരിക്കുമോ എന്ന ഒറ്റ ചോദ്യം കൊണ്ട് മനസ്സു മാറ്റുന്നു ഒരു വാക്കു മതി ഒരു വ്യക്തിയുടെ ജീവിതം മാറ്റാൻ എന്നതിൻറെ പ്രതീകമായി ഈ സുഹൃത്തുക്കൾ ആ ഗ്രാമത്തിൽ വളർന്നുവന്നു

റിയ ജോൺ XA

# അമ്മ

കുഞ്ഞിളം പൂപോലുള്ളൊരെൻ മേനിയിൽ
എണ്ണ പുരട്ടിയമ്മ
വെള്ളിത്തളികയിൽ വെള്ളം നിറച്ചെന്നും
എന്നെ കുളിപ്പിച്ചതമ്മ
ഉച്ചിയിൽ വെള്ളമിറങ്ങാതെ
കച്ച കൊണ്ടെന്നെ തുവർത്തിയതമ്മ
കണ്ണേറു തട്ടാതെ എൻ കവിളിൽ
മഷി പൊട്ടൊന്നു തൊട്ടതെന്നമ്മ
പിച്ചവച്ചു ഞാൻ നടന്നൊരു കാലമെൻ
കൈപിടിച്ചു കൂടെ വന്നു
ഉച്ച വെയിലത്തു കളിച്ചു നടന്നപ്പോൾ
ഉച്ചത്തിൽ എന്നെ വിളിച്ചതെന്നമ്മ

അശ്വിൻ ൭ ഡി

# ഓർമ്മകളുടെ ലോകം

പഠനം കഴിഞ്ഞ് ഒരു സർക്കാർ ജോലി കിട്ടിയപ്പോൾ വളരെ സന്തോഷമായി എന്നെക്കാൾ സന്തോഷം അമ്മയ്ക്കായിരുന്നു എനിക്ക് പതിവില്ലാത്ത നെയ്ച്ചോർ ഉണ്ടാക്കി തന്നു അമ്മയുടെ സംസാരശേഷി കൊണ്ടുവരണം എന്നതായിരുന്നു എന്റെ പ്രധാന ലക്ഷ്യം. അതിനിടെ ഞാൻ രാഗിണിയെ പ്രണയിച്ചു വിവാഹം കഴിച്ചു അമ്മയ്ക്ക് വേണ്ടി കാണാവുന്ന എല്ലാ ഡോക്ടർമാരെയും ഞാൻ കണ്ടു ഓപ്പറേഷൻ മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ അമ്മയും ഓപ്പറേഷൻ തയ്യാറായി രാഗിണി ഓപ്പറേഷന്റെ തലേദിവസം അമ്മ ഉറങ്ങുന്നത് വരെ അമ്മയോടൊപ്പം ഇരുന്നു അവൾ അമ്മയെ നന്നായി ശുശ്രൂഷിക്കും ഓപ്പറേഷൻ ദിവസമായി രാവിലെ അമ്മയെ ഉണർത്താനായി മുറിയിലേക്ക് പോയി ഞാൻ വളരെ സന്തോഷത്തോടെ ഇരുന്നപ്പോൾ കരഞ്ഞുകൊണ്ട് രാഗിണി വന്നു അമ്മയെ അമ്മ വിളിച്ചിട്ട് എന്ത് പറ്റി എന്ന് എനിക്കറിയില്ല എന്ന് പറഞ്ഞു സുരേന്ദ്രൻ ഡോക്ടറിനെ ഞാൻ വീട്ടിലേക്ക് വിളിച്ചു അദ്ദേഹം കഴിവിന്റെ പരമാവധി ശ്രമിച്ചു രക്ഷിക്കാൻ കഴിഞ്ഞില്ല അമ്മയ്ക്ക് സൈലൻറ് അറ്റാക്കായിരുന്നു ദുഃഖങ്ങൾ മാത്രം എൻറെ ജീവിതത്തെ തലോടുന്നതായി എനിക്ക് തോന്നി അമ്മയുടെ മരണാനന്തര ചടങ്ങുകൾ എല്ലാം ചെയ്തു അമ്മ ചിലപ്പോൾ അച്ഛനോടൊപ്പം പോകാൻ ആഗ്രഹിച്ചതായിരിക്കാം എന്ന് ഞാൻ ചിലപ്പോഴൊക്കെ ചിന്തിക്കാറുണ്ട് ഏകാന്തതയുടെ തുരുത്തിലാക്കപ്പെട്ടു പോയ കാലം ഇപ്പോഴും ഞാൻ വേദനയോടെ ഓർക്കുന്നു

വൈഷ്ണവി XA

# യഥാർത്ഥ സുഹൃത്ത്

പണ്ട് ഒരു കാട്ടിൽ ആനയും മുയലും കരടിയും താമസിച്ചിരുന്നു അവരുടെ സൗഹൃദവും നല്ലതായിരുന്നു ഒരു ദിവസം ഇവർ മൂന്നുപേരും ആഹാരത്തിനു വേണ്ടി മൂന്ന് ദിക്കുകളിലേക്ക് പോയി മുയൽ ക്യാബേജിന്റെ ഇലകൾ കൊണ്ടുവന്നു ആന മരങ്ങൾ ഇലകൾ കൊണ്ടുവന്നു പക്ഷേ നമ്മുടെ കരടി മാത്രം ഒരു മൃഗത്തെ കൊന്നുകൊണ്ടുവന്നു. ആനയുടെയും മുയലിന്റെയും കണ്ണുകൾ അമ്പരന്നു മുതൽ ചോദിച്ചു നീ എന്താ ഒരു മൃഗത്തെ കൊണ്ടുവന്നത് അതും കൊന്നുകൊണ്ടുവന്നത് ആനയും മുയൽ പറഞ്ഞത് തന്നെ ചോദിച്ചുകരടിയും ചോദിച്ചു നിങ്ങൾ എന്താ കൂട്ടുകാരെ ഇങ്ങനെ ചോദിച്ചത് ഞാൻ ഇങ്ങനെയാണ് എൻറെ ഭക്ഷണം എനിക്ക് മാംസമാണ് ഇഷ്ടം മുയൽ പറഞ്ഞു എന്തായാലും ഞങ്ങളുടെ കാര്യത്തിന് തീരുമാനമായി ആന കുറഞ്ഞു നമുക്കിനി ഇവനോട് കൂട്ട് വേണ്ട കൂട്ടുകൂടിയാൽ അവന് വിഷമിക്കുമ്പോൾ നമ്മളെ എടുത്ത് തിന്നും മുയലിനു  സമ്മതം അല്ലെങ്കിലും പറഞ്ഞു ശരി കരടിയുടെ കണ്ണുകളിൽ വല്ലാതെ വെള്ളം നിറഞ്ഞു അവൻ തന്റെ ഗുഹയ്ക്കുള്ളിൽ പോയി നമുക്ക് പോകാം അവർ നടന്നു ഒരു മനോഹരമായ മുയൽ ഉറക്കെ വിളിച്ചു പക്ഷേ ആന കാട്ടിലേക്ക് കരടി ഓടിവന്ന് ഗർജ്ജിച്ചു വേട്ടക്കാരൻ ഓടിച്ചുവിട്ടു മുയലിന്റെ ബോധം പോയ പോയിരുന്നു കരടി മുയലിനെ കടിച്ചു കുഴിയിൽ നിന്ന് പുറത്തെടുത്ത് ഒരു ഇലയിൽ കിടത്തി എണീറ്റ് മാപ്പ് പറഞ്ഞു രണ്ടുപേരും കരഞ്ഞു കരടി പറഞ്ഞു ഒരിക്കലും ഒരാളുടെ വാക്കുകൾ ചെയ്യരുത് എല്ലാവർക്കും അവർക്കിഷ്ടപ്പെട്ട കാര്യങ്ങൾ കാണും എൻറെ സ്ഥാനത്ത് നീയായിരുന്നുവെങ്കിൽ ഞാൻ പറയുന്നു പക്ഷേ നിനക്ക് പറ്റുമോ അതുകൊണ്ട് നീ ആരുടെയും വാക്കുകൾ കേട്ട് തെറ്റിന്റെ കുഴികളിൽ ചെന്ന് ചാടരുത്

ലക്ഷ്മി ലാൽ ട<br>6 g

# ഒരുമയുള്ള ഉറുമ്പുകൾ

രാവിലെ ഉറക്കം ഉണർന്ന അപ്പു ബ്രഷും പേസ്റ്റും എടുത്തു മുറ്റത്തിറങ്ങി പെട്ടെന്ന് അവൻ ഒരു കാഴ്ച കണ്ടു കുറെ കട്ടുറുമ്പുകൾ മാർച്ച് ചെയ്തുവരുന്നു ഒരു പട്ടാളക്കാരൻ ആകണമെന്ന് മോഹവുമായി നടക്കുന്നവൻ പട്ടാളക്കാരെ പോലെ വരുന്ന ഉറുമ്പുകളെ നോക്കി അറിയാതെ സല്യൂട്ട് ചെയ്തുപോയി അതുകൊണ്ട് ഉറുമ്പുകൾ അഭിമാനിച്ചു അവരുടെ നേതാവിപ്രകാരം ചോദിച്ചു ഉറുമ്പുകളായി ഞങ്ങളെ എന്തിനാണ് നീ സല്യൂട്ട് ചെയ്തത് വരിവരിയായി വരുന്ന നിങ്ങളെ കണ്ടപ്പോൾ സ്വാതന്ത്ര്യദിന പരിപാടിയിൽ പങ്കെടുത്ത പട്ടാളക്കാരെയാണ് എനിക്ക് ഓർമ്മ വന്നത് എനിക്കും ഒരു പട്ടാളക്കാരനാകണം മറുപടി പട്ടാളക്കാരൻ രാജ്യത്തിനുവേണ്ടി പോരാടണം ജനങ്ങളെ സംരക്ഷിക്കുകയും വേണം. നിനക്കതിന് കഴിയും ഉറുമ്പൻ നേതാവിന്റെ ചോദ്യം പെട്ടെന്ന് മാനം ഇരുണ്ടും ശക്തിയായ കാറ്റ് ആഞ്ഞു വീശി  കൂനൻ കട്ടുറുമ്പിന്റെ മാളം കാറ്റിലാടിയുലഞ്ഞു കുഞ്ഞുങ്ങൾ കരയാൻ തുടങ്ങി എല്ലാ ഉറുമ്പുകളും ഒത്തുകൂടി ഉടൻ തന്നെ മണ്ണ് തുരന്ന് പുതിയ ഒരു മാളം നിർമിച്ച് കൂനന് സംരക്ഷണം നൽകി ഉറുമ്പുകളുടെ പ്രവർത്തി അപ്പുവിന് ആത്മവിശ്വാസം പകർന്നു അപ്പോൾ ഉറുമ്പുകളിൽ പ്രായം കൂടിയ ആൾ മുന്നോട്ട് വന്നു പറഞ്ഞു കണ്ടോ ഞങ്ങൾ ഉറുമ്പുകൾ ആണെങ്കിലും ആവശ്യം വരുമ്പോൾ സഹായിക്കുന്നത് നീയും പട്ടാളക്കാരനായി രാജ്യത്തെ സ്നേഹിക്കുകയും കൂട്ടത്തിലുള്ളവരെ സഹായിക്കുകയും ചെയ്യണം ഇത്രയും പറഞ്ഞ് ഉറുമ്പുകൾ മുന്നോട്ടു നടന്നു ഉറുമ്പുകളെ വെട്ടാതെ ഏറെ നേരം നോക്കി നിന്നു

കാർത്തിക ബികെ
6 ജി

# കാത്തിരിക്കുന്നു

നിങ്ങൾ എവിടെയാണ് ഈ ലോകം എവിടെയാണ്

ഈ പ്രപഞ്ചം എവിടെയാണ്

ഞാൻ ഇവിടെ കാത്തിരിക്കുന്നു ഈ സസ്യങ്ങൾ എവിടെയാണ്

ഈ പൂക്കൾ എവിടെയാണ് ഈ മനുഷ്യൻ എവിടെയാണ് ഞാനിവിടെ കാത്തിരിക്കും

പൂക്കളും എവിടെ എൻറെ തറവാട് എവിടെ?

എൻറെ ഗുരുനാഥൻ എവിടെ? ഈ സമൂഹം എവിടെ

ഞാൻ ഞാൻ നിങ്ങളെ കാത്തിരിക്കുന്നു

ശ്രീനാഥ് sk

8k

# നീ എവിടെയാണ്

മകനെ നീ പോകുവാണോ ദുഃഖമിഴിയിൽ ഞാൻ ലയിപ്പും

നിൻറെ വരവ് കാത്ത് ഞാൻ ഇരിക്കും

എൻറെ നാളുകൾ കഴിഞ്ഞു ഇപ്പോൾ ഇനിയും കാണാത്ത സ്നേഹം

രക്തത്തിൽ ആത്മാവിൽ ആണ് നിൻ വരവ് ഞാൻ ആശിച്ചിരിക്കുന്നു

ത്യാഗശാലിയായി ആശങ്കയായി നിൻ വരവ് നോക്കിനിൽപ്പു

ത്യാഗനിധിയാം നിന്നെ പ്രാണനായി ആശങ്കയായി

നിൻ വരവു നോക്കി ഞാൻ നിൽക്കു പത്തു ദിനങ്ങളായി

സംതൃപ്തമായി പൊന്മണിയെ ഞാൻ കാത്തിരിപ്പൂ

ഇത്രയും നാൾ നീ വരാത്തതെന്തേ

ജീവിതം സർവ്വസഹയായ് ഞാൻ കാത്തിരിപ്പൂ

വൈഷ്ണവ് s R
8 k

# വിടർന്ന പ്രഭാതം

പ്രഭാതത്തിൽ ആകാശം സുന്ദരമാണ്.
പൂക്കൾ പൂത്തു മഞ്ഞണിഞ്ഞു നിൽക്കുന്നു.
മരങ്ങൾ ചിരിതൂകി നിൽക്കുന്നു.
കിളികൾ മധുരമായി പാടുന്നു.
ശലഭങ്ങൾ പാറിപ്പറന്നു നടക്കുന്നു.
പിച്ചിയും മന്ദാരവും തെച്ചിയും
അഴകോടെ നിൽക്കുന്നു

നവീൻ 9A

നന്ദി